# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.443

### 29-05-2019 ൽ മറുപടിക്ക്

**ആഗോള വിപണിയിൽ വിറ്റഴിച്ച കിഫ്ബി മസാല ബോണ്ടുകൾ**

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടുകൾ വഴി എത്ര കോടി രൂപയാണ് ഇതിനകം സ്വരൂപിച്ചിരിക്കുന്നത്; | മസാല ബോണ്ട് വഴി നാളിതുവരെ 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്. |
| (ബി) കിഫ്ബി സംബന്ധിച്ച പ്രതിപക്ഷ ആരോപണത്തിനുള്ള മറുപടിയായി ഇതിനെ കാണാൻ കഴിയുമോ;<br>(സി) അതിസങ്കീർണ്ണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി മസാല ബോണ്ടുകൾ ആഗോള വിപണിയിൽ വിറ്റഴിക്കാൻ കഴിഞ്ഞത് കിഫ്ബിയുടെയും കേരള സർക്കാരിന്റെയും വിശ്വാസ്യതയും അംഗീകാരവുമായി കാണുന്നുണ്ടോ; | വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടമാണ് കരസ്ഥമാക്കിയത്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. 2016 ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിനു അനുമതി നല്കിയതിനു ശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. ഈ കാൽവെയ്പ്പിലൂടെ നൂതന ധനസമാഹാര സ്രോതസ്സുകളിലേക്കുള്ള കിഫ്ബിയുടെ വാതായനം തുറക്കപ്പെട്ടു. കിഫ്ബിയുടെ പ്രവർത്തനമികവിന്റെയും, അത് മുന്നോട്ട് വയ്ക്കുന്ന നവീന ധനകാര്യ മാതൃകയിൽ ആഗോള നിക്ഷേപകർക്ക് ഉണ്ടായിട്ടുള്ള വിശ്വാസ്യതയുടെയും തെളിവാണ് ഈ മസാല ബോണ്ട് ഇഷ്യൂ. |
| (ഡി) ഡയസ്പോറ ബോണ്ട് വഴി ധനസമാഹരണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | ഡയസ്പോറ ബോണ്ട് വഴിയുള്ള ധനസമാഹരണ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. പൂർത്തിയാകുന്ന മുറക്ക് വേണ്ട അനുമതികൾ ലഭ്യമാക്കിയ ശേഷം ഡയസ്പോറ ബോണ്ട് ആഗോള നിക്ഷേപകർക്കായി ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ